ടി. സി. സി. യിൽ കേരളഗവണ്മെൻറിന്റെ മുതൽമുടക്ക്

* 113. [309] ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

ടി. സി. സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഗവണ്മെൻറ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

കമ്പനിയുടെ വികസനപദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതോടൊക്കൂടി അധികച്ചിലവും ഉൽച്ചിലവുകളും ഇല്ലാതാക്കി കാര്യക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ സംവിധാനങ്ങളും മാനേജ്മെൻറിൽ വരുത്തിയിട്ടുണ്ട്.

(ii) Unstarred Questions and Answers

സ്ത്രീ കെട്ടിടങ്ങൾ

31. [261] ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്ന നടപടി മരാമത്തുവകുപ്പ് ഊർജ്ജിതമായി നടത്തിവരുന്നുണ്ടോ;

(ബി) അനേകം കുട്ടികളുടെ ജീവഹാനിക്കും അതിലേറെ കുട്ടികൾക്ക് പരിക്കു പറ്റുന്നതിനും ഇടയാക്കിയ കണ്ണമംഗലത്തിന് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകിയിരുന്നോ;

(സി) അതേപ്പറ്റി അന്വേഷണം നടത്തിയോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉവ്വ്.

(സി) അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

കയർ സഹകരണസംഘങ്ങൾക്ക് കെട്ടിടനിർമ്മാണം

32. [262] ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര കയർ സഹകരണസംഘങ്ങൾ കെട്ടിടനിർമ്മാണത്തിനുവേണ്ടിയുള്ള ലോണിനപേക്ഷിച്ചിട്ടുണ്ട്.

(ബി) എത്രപേർക്ക് ഇതിനകം ഇക്കാര്യത്തിന് സഹായം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) 11.

(ബി) ആർക്കും സഹായം നൽകിയിട്ടില്ല. സഹായം നൽകുന്നതിനുള്ള പട്ടിക ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly